77 പേരേയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. കൊല്ലം ജില്ലയിൽ 14 പേരേയും പത്തനംതിട്ട ജില്ലയിൽ 3 പേരേയും കോട്ടയം ജില്ലയിൽ 3 പേരേയും സ്ഥിരപ്പെടുത്തുന്നതിന് മേനേജ്മെന്റ് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ടി സർക്കുലർ നിർദ്ദേശത്തിന് മുൻപ് 18 ഡെപ്പോസിറ്റർ കളക്ഷൻ ഏജന്റുമാരുടെ നിയമനത്തിന് അംഗീകാരം നൽകിയിട്ടുണ്ട്,

സഹകരണ ബാങ്ക് നിയമനം

131 [2268] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പി. എസ്. സി. ലിസ്റ്റിൽ നിന്നും ക്ലാർക്ക്/കാഷ്യർ തസ്തികയിൽ ജില്ലാ സഹകരണ ബാങ്കുകളിലേക്ക് നിയമനം നടന്നിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമനം നടത്തുന്നതിന് 2004 ഡിസംബർ 31-നകം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) കോട്ടയം ജില്ലയിലെ ഒഴിവുകൾ പ്രസ്തുത തീയതിക്കു മുമ്പ് പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ഇ) നിലവിൽ കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ ഒഴിവുകൾ ഉണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്ലാർക്ക്/കാഷ്യർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ ജില്ലാ സഹകരണ ബാങ്കുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലേക്കായി പ്രത്യേക നിർദ്ദേശങ്ങളൊന്നും ആവശ്യമില്ലാത്തതിനാൽ അത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടില്ല.

(സി) റിപ്പോർട്ട് ചെയ്തിരുന്നു.

(ഡി) ബാധകമല്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

അഡ്മിനിസ്ട്രേറ്റർ ഭരണത്തിൽ സഹകരണ സംഘങ്ങൾ

132 [2269] ശ്രീ. സാജു പോൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് അഡ്മിനിസ്ട്രേറ്റർ ഭരണത്തിലുള്ള വിവിധ വിഭാഗം സഹകരണ സംഘങ്ങൾ ഏത്ര വീതമെന്ന് അറിയിക്കുമോ;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ എത്രയാണ്;

(സി) 2001-നുശേഷം പുനരുദ്ധരിക്കുകയും അഡ്മിനിസ്ട്രേറ്റർ മാരെ ഒഴിവാക്കി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ നേതൃത്വം ഏൽപ്പിക്കുകയും ചെയ്ത സംഘങ്ങൾ എത്രയാണ്?

ഉത്തരം

(എ) വിശദവിവരം ചുവടെ ചേർക്കുന്നു:

1.	വായ്പാ സംഘങ്ങൾ	109
2.	വിപണന സംഘങ്ങൾ	41
3.	കൺസ്യൂമർ സംഘങ്ങൾ	70
4.	ഫാമിംഗ് സംഘങ്ങൾ	3
5.	ഉല്പാദക സംഘങ്ങൾ	2
6.	ഹൗസ്പിറ്റൽ സംഘങ്ങൾ	5
7.	പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ	131
8.	വിദ്യാഭ്യാസ സംഘങ്ങൾ	42
9.	ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ	13
10.	വനിതാ സംഘങ്ങൾ	34
11.	പലവക സംഘങ്ങൾ	171
	ആകെ	621

(ബി) 1063 എണ്ണം.

(സി) 386 എണ്ണം.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം ലഭിച്ച വികലാംഗർക്ക് സഹകരണ ബാങ്കുകളിൽ നിയമനം

133 [2270] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം ലഭിച്ച വികലാംഗരായ ഉദ്യോഗാർത്ഥികളെ സ്ഥിരപ്പെടുത്താനുള്ള ഏറ്റവും അവസാനമായി പുറത്തിറങ്ങിയ ഗവൺമെന്റ് ഉത്തരവ് ഇതേ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി സംസ്ഥാനത്തെ ജില്ലാ ബാങ്കുകളിൽ നിയമനം ലഭിച്ച വികലാംഗ ഉദ്യോഗാർത്ഥികൾക്ക് ബാധകമാണോ;

(ബി) ഇല്ലെങ്കിൽ അവർക്കുകൂടി ബാധകമാക്കുന്നവിധത്തിൽ സഹകരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ബാധകമല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല. സാമൂഹ്യക്ഷേമ വകുപ്പുമായി ആലോചിച്ച് പരിശോധിക്കേണ്ടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly